വിതരണം ചെയ്യുന്നുണ്ട്. ബാക്കിയുള്ള 241 വാർഡുകളിൽ, വനഭൂമിയിൽ ഉൾപ്പെട്ട 13 വാർഡുകളിൽ ശുദ്ധജലം എത്തിക്കുവാൻ സാധിക്കുന്നതല്ല. ശേഷിച്ച 228 വാർഡുകളിൽ പൂർണ്ണമായും ഇനിയും കുടിവെള്ളം (പൈപ്പുകൾ മുഖേനയുള്ള കുടിവെള്ള വിതരണം) എത്തിക്കുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും, ഇതിനായുള്ള പുതിയ പദ്ധതികളുടെ പൂർത്തീകരണവും ആകുമ്പോൾ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിലും ലഭിക്കുന്നതാണ്.

(സി) ഹഡ്കോ, എൽ.ഐ.സി. തുടങ്ങിയ ധനകാര്യ ഏജൻസികളും വിദേശ ഏജൻസിയായ ലോകബാങ്കും ജെ.ബി.ഐ.സി.യും മുഖേനയാണ് ശുദ്ധജല വിതരണത്തിന് സഹായധനം നൽകുന്നത്.

(ഡി) സംസ്ഥാനത്ത് ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടുള്ള 2704 പട്ടികജാതി കോളനികളും 650 ലക്ഷംവീട് കോളനികളും നിലവിലുണ്ട്.

(ഇ) ഉണ്ട്. ഇതിനായി എ.ആർ.പി. പദ്ധതിയുടെ 35% ഫണ്ട് ഓരോ വർഷവും ജില്ലാ കളക്ടർമാർക്ക് വാട്ടർ അതോറിറ്റി അനുവദിച്ചു കൊടുക്കാറുണ്ട്. കുടിവെള്ള വിതരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത് ജില്ലാ കളക്ടർമാരാണ്. ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി, ശുദ്ധജലവിതരണ പദ്ധതികൾ ജില്ലാ പഞ്ചായത്തുകളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

കേന്ദ്ര അനുമതിക്കായി സമർപ്പിച്ച ജലസേചന പദ്ധതികൾ

140 (1697) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ജലസേചന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി, കാരപ്പാറ എന്നീ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ആയത് സംബന്ധിച്ച് പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേന്ദ്രാനുമതിക്കായി നിലവിൽ ഒരു ജലസേചന പദ്ധതിയും സമർപ്പിച്ചതായിട്ടില്ല.

(ബി) കുരിയാർകുറ്റി-കാരാപ്പാറ ജലസേചന പദ്ധതിയുടെ മൂലത്തറ വലതു കനാലിന്റെ ചെയിനേജ് 12075. മീറ്റർ മുതൽ കോരയാർവരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികളും (ബാലൻസ് വർക്ക്) ടി കനാലിന്റെ ചെയിനേജ് 12075 വരെ വീതി കൂട്ടുന്നതിനുള്ള പ്രവൃത്തികളും നടത്തുന്നുണ്ട്.

(സി) സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly